"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് - 2023-24 സാമ്പത്തികവർഷത്തിൽ ഭരണാനുമതി നൽകിയ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ മെയിന്റനൻസ് പ്രവൃത്തികൾ - ഭരണാനുമതിയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് - പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.48/2026/H&FWD തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.801/2024/ആ.കു.വ. തീയതി 15.03.2024

2. സ.ഉ.(സാധാ)നം.2908/2025/ആ.കു.വ. തീയതി 23.09.2025

3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 23.12.2025 തീയതിയിലെ എ3/6602/2023/മെ.വി.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2023-24 വർഷത്തെ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് ₹1,59,25,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം, മേൽ ഭരണാനുമതി നൽകിയിരുന്നതിൽ ഉൾപ്പെട്ട 4 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 30.06.2025 വരെയും, 3 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 30.09.2026 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു. ഇതിൻപ്രകാരം, പ്രസ്തുത ഭരണാനുമതി ഉത്തരവിലെ 'Re-wiring the Electrical Installations in Microbiology and Pathology Department in C Block (ക്രമ നം 7)' എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.09.2025 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി തുടർച്ചയായി ചെയ്യുന്നതിൽ പല തടസ്സങ്ങളും നേരിട്ടുവെന്നും, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ യൂണിവേഴ്സിറ്റി പരീക്ഷകൾ നടന്നതിനാൽ പണി നിർത്തിവെക്കേണ്ടതായി വരികയും പകൽ സമയങ്ങളിൽ നടക്കുന്ന ക്ലാസുകൾ മറ്റു മുറികളിലേക്ക് മാറ്റിക്കൊണ്ട് ഘട്ടം ഘട്ടമായിട്ടാണ് പണി ചെയ്ത് വന്നിരുന്നതെന്നും, ഇക്കാരണത്താൽ പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തികരിക്കാൻ സാധിച്ചിരുന്നില്ലെന്നും ആയതിനാൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് 31.12.2025 വരെ സമയം നീട്ടി അനുവദിക്കണമെന്ന് പൊതുമരാമത്ത് ഇലക്ട്രിക്കൽ അസ്സിസ്റ്റന്റ് എഞ്ചിനീയറും കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും അവശ്യപ്പെട്ടിരിക്കുന്നതായും, പരാമർശം (3) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2023-24 വർഷത്തെ അസറ്റ് മെയിന്റനൻസ്

ഫണ്ട് ഉപയോഗിച്ച് വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവിൽ ഉൾപ്പെട്ട 'Re-wiring the Electrical Installations in Microbiology and Pathology Department in C Block (ക്രമ നം 7)' എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.12.2025 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2023-24 വർഷത്തിൽ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളിൽ ഉൾപ്പെട്ട 'Re-wiring the Electrical Installations in Microbiology and Pathology Department in C Block (ക്രമ നം 7)' എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി **05.01.2026 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് പുതുക്കിയ ഭരണാനുമതി** ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ ഭേദഗതിയോടെ പരാമർശം (1)ലെയും & (2)ലെയും ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUBHASH R
ADDITIONAL SECRETARY

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കോട്ടയം, ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പ്
ധനകാര്യ (ഹെൽത്ത് - എ /ബജറ്റ് വിംഗ് ബി) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (P3/21/2024-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 05-01-2026 14:04:50
സെക്ഷൻ ഓഫീസർ